**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **22-01-2021 - ൽ മറുപടിയ്ക്ക്**

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . കെ . ശശി | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ഒരു വലിയ ഇക്കോ ടൂറിസം കേന്ദ്രം ആയി ഉയർത്തുന്നതിന് വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി, സ്ഥലപരിമിതിക്കു വിധേയമായി, 2019-20, 2020-21 വർഷങ്ങളിൽ നവീകരിക്കുകയും, വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പാർക്കിംഗ് ഏര്യയുടെ വികസനം, ഹാൻഡ് റെയിൽ സുരക്ഷ സഹിതമുള്ള നടവഴി നിർമ്മാണം, വിശ്രമസ്ഥല നവീകരണം, കുട്ടികളുടെ പാർക്ക്, ആംഫി തിയേറ്റർ, ക്യാന്റീൻ, സി.സി.ടി.വി., ഇക്കോ ഷോപ്പ് എന്നിവ ഉൾപ്പെടുന്നുണ്ട്. കൂടുതൽ വിപുലീകരണ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ